"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കൊല്ലം ജില്ലയിലെ കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ.(സാധാ) നം.167/2023/RD തീയതി, തിരുവനന്തപുരം, 11-01-2023

പരാമർശം:- 1. സ.ഉ. (കൈ) നം. 203/2021/റ.വ., തീയതി. 22.10.2021.

2. സ.ഉ. (സാധാ) നം. 2757/2022/റവ, തീയതി, 24.06.2022.

3. സ.ഉ. (സാധാ) നം. 2881/2022/റവ, തീയതി, 30.06.2022.

4. സ.ഉ. (സാധാ) നം. 4261/2022/റവ, തീയതി, 20.10.2022.

5. സ.ഉ. (സാധാ) നം. 5179/2022/റവ, തീയതി, 22.12.2022.

6. ലാന്റ് റവന്യൂ കമ്മീഷണറുടെ 26.12.2022, 30.12.2022 എന്നീ തീയതികളിലെ LR- 4401/2021/LR(H1) നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് പ്രതിമാസം 5,000/- രൂപ വീതം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) ആയി, ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേക്ക് (36 മാസം) വ്യവസ്ഥകൾക്ക് അനുസൃതമായി ധനസഹായം നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2), (3) (4) (5) ഉത്തരവുകൾ പ്രകാരം കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് യഥാക്രമം 1,10,000/- രൂപ, 1,00,000/- രൂപ, 90,000/- രൂപ , 60,000/- രൂപ എന്നിങ്ങനെ കൊല്ലം ജില്ലയ്ക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു

2. കൊല്ലം ജില്ലയിലെ കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്നവരിൽ നിന്നും അപേക്ഷകൾ ലഭിച്ച ഗുണഭോക്താക്കൾക്ക് കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് ആകെ 17,90,000/- രൂപ കൊല്ലം ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകണമെന്നാവശ്യപ്പെട്ട് ലാന്റ് റവന്യൂ കമ്മീഷണർ പരാർശം (6) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിനായി 17,90.000/- രൂപ (പതിനേഴ് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കൊല്ലം ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന തുകയായ 17,90,000/- രൂപ ( പതിനേഴ് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കൊല്ലം ജില്ലാകളക്ടറുടെ അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിറാണി കെ
ഡെപ്യൂട്ടിസെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം

ജില്ലാ കളക്ടർ, കൊല്ലം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി യുടെ പി.എക്ക്
റവന്യൂ (DRF-A/B) വകുപ്പുകൾക്ക്

DRF C1

ഉത്തരവിൻ പ്രകാരം

Signed by Bindumol K N
Date: 11-01-2023 11:20:00
സെക്ഷൻ ഓഫീസർ